2025 MARCH
12
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ഇനി ഹൈ സ്പീഡ് ഇന്റർനെറ്റ്

## സ്റ്റാർലിങ്ക് സേവനം ഇന്ത്യയിലേക്ക്; മസ്കുമായി കരാർ ഒപ്പിട്ട് എയർടെൽ

**സ്ട്രീമിങ്, ഓൺലൈൻ ഗെയിമിങ്, വിഡിയോ കോളുകൾ എന്നിവയും മറ്റും പിന്തുണയ്ക്കാൻ കഴിവുള്ള ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് നൽകുന്നതിനു ലോ എർത്ത് ഓർബിറ്റ് ഉപയോഗിക്കുന്ന ലോകത്തിലെ ആദ്യത്തെ ഉപഗ്രഹ സമൂഹമാണ് സ്റ്റാർലിങ്ക്.**

**ന്യൂഡൽഹി:** ഇലോൺ മസ്കിന്റെ സ്പേസ് എക്സുമായി കരാർ ഒപ്പിട്ട് എയർടെൽ. സ്പേസ് എക്സുമായി ഇന്ത്യയിൽ ഒപ്പുവയ്ക്കുന്ന ആദ്യ കരാറാണിത്. ഇന്ത്യയിലെ ഉപഭോക്താക്കൾക്ക് സ്റ്റാർലിങ്കിന്റെ അതിവേഗ ഇന്റർനെറ്റ് സേവനങ്ങൾ എത്തിക്കുന്നതിനായാണ് കരാർ. ലോകോത്തര നിലവാരമുള്ള ഹൈ സ്പീഡ് ബ്രോഡ്ബാൻഡ് എല്ലായിടത്തും എത്തിക്കാനാണ് ശ്രമം എന്ന് എയർടെലിന്റെ മാനേജിങ് ഡയറക്ടറും വൈസ് ചെയർമാനുമായ ഗോപാൽ വിറ്റൽ പറഞ്ഞു.

ഗ്രാമീണ മേഖലയിൽ ഇന്റർനെറ്റ് വിപ്ലവത്തിനു വഴിയൊരുക്കുന്ന നിർണായക ചുടവുവയ്പ്പ് എന്നാണ് എയർടെൽ അവകാശപ്പെടുന്നത്. നിയമപരമായ അനുമതി ലഭിച്ച ശേഷമാകും സ്റ്റാർലിങ്ക് പ്രവർത്തനം ആരംഭിക്കുക. നരേന്ദ്ര മോദിയും ഇലോൺ മസ്കും കൂടിക്കാഴ്ച നടത്തി ആഴ്ചകൾക്കുള്ളിലാണ് നിർണായക ചുവടുവയ്പ്പ്.

കഴിഞ്ഞ വർഷം സ്പേസ് എക്സിന്റെ സാറ്റലൈറ്റ് ഇന്റർനെറ്റ് സേവനമായ സ്റ്റാർലിങ്ക് ഇന്ത്യയിലേക്ക് കൊണ്ടുവരാൻ പദ്ധതിയിടുന്നതായി സ്പേസ് എക്സ് സിഇഒ ഇലോൺ മസ്ക് വെളിപ്പെടുത്തിയിരുന്നു. ഇതിന്റെ ഭാഗമായി യുഎസിൽ പ്രധാന മന്ത്രി നരേന്ദ്ര മോദിയുമായി മസ്ക് കൂടിക്കാഴ്ചയും നടത്തി.




സ്റ്റാർലിങ്ക് ഇതിനകം 56ലധികം രാജ്യങ്ങളിലേക്ക് സാറ്റലൈറ്റ് ഇന്റർനെറ്റ് ആക്സസ് കവറേജ് നൽകുന്നുണ്ട്. സ്ട്രീമിങ്, ഓൺലൈൻ ഗെയിമിങ്, വിഡിയോ കോളുകൾ എന്നിവയും മറ്റും പിന്തുണയ്ക്കാൻ കഴിവുള്ള ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് നൽകുന്നതിനു ലോ എർത്ത് ഓർബിറ്റ് ഉപയോഗിക്കുന്ന ലോകത്തിലെ ആദ്യത്തെ ഉപഗ്രഹസമൂഹമാണ് സ്റ്റാർലിങ്ക്.




## രാജ്യവിരുദ്ധ പ്രവർത്തനം, വിഘടനവാദം; ഇത്തിഹാദുൽ മുസ്ലിമീനും അവാമി ആക്ഷൻ കമ്മിറ്റിക്കും നിരോധനം

**ന്യൂഡൽഹി:** ഇത്തിഹാദുൽ മുസ്ലിമീനും അവാമി ആക്ഷൻ കമ്മിറ്റിയ്ക്കും നിരോധനം ഏർപ്പെടുത്തി കേന്ദ്ര സർക്കാർ. അഞ്ചു വർഷത്തേക്കാണ് നിരോധനം. രാജ്യവിരുദ്ധ പ്രവർത്തനങ്ങൾ നടത്തി, വിഘടനവാദം പ്രോത്സാഹിപ്പിച്ചു എന്നീ കുറ്റങ്ങൾ ചൂണ്ടിക്കാട്ടിയാണ് ഇരു സംഘടനകൾക്കും എതിരെ നിരോധനം ഏർപ്പെടുത്തിയത്.

രാജ്യത്തിന്റെ അഖണ്ഡത, പരമാധികാരം, സുരക്ഷയെ ബാധിക്കുന്ന പ്രവർത്തനങ്ങൾ എന്നിവയിൽ ഈ സംഘടനകൾ ഏർപ്പെട്ടിട്ടുണ്ടെന്ന് നിരോധിച്ചുകൊണ്ടുള്ള ഉത്തരവിൽ സർക്കാർ പറയുന്നു. ഭീകരവാദ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുക, രാജ്യ വിരുദ്ധ പ്രചാരണം നടത്തുക, കശ്മീരിലെ വിഘടനവാദ സംഘടനകൾക്ക് വേണ്ടി ഫണ്ട് സ്വരൂപിക്കുക തുടങ്ങിയ കുറ്റങ്ങളാണ് ഇത്തിഹാദുൽ മുസ്ലിമീനെതിരെ ചുമത്തിയിരിക്കുന്നത്.

നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കായി ഫണ്ട് സ്വരൂപിക്കുക, വിഘടനവാദത്തെ പിന്തുണയ്ക്കുക, ഭരണഘടനയോട് അനാദരവ് കാണിക്കുക തുടങ്ങിയ കുറ്റങ്ങളാണ് അവാമി ആക്ഷൻ കമ്മിറ്റിക്ക് മേലുള്ളത്. സംഘടനയുടെ പ്രവർത്തകർക്കെതിരെ ഒട്ടേറെ ക്രിമിനൽ കേസുകൾ റജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ആഭ്യന്തര മന്ത്രാലയം അറിയിച്ചു. സംഘടനകൾ പ്രവർത്തനം തുടർ!ന്നാൽ രാജ്യത്തിന്റെ സമഗ്രതയ്ക്കും സുരക്ഷയ്ക്കും ഭീഷണിയാകുമെന്ന് ചൂണ്ടിക്കാട്ടിയാണ് ഇന്നു മുതൽ അഞ്ചു വർഷത്തേക്ക് ആഭ്യന്തര മന്ത്രാലയത്തിന്റെ നിരോധനം.

## കാനഡയോട് ട്രംപിന്റെ നികുതി യുദ്ധം; അലുമിനിയം, സ്റ്റീൽ ഉൽപന്നങ്ങളുടെ തീരുവ ഇരട്ടിയാക്കി

**വാഷിങ്ടൻ:** കാനഡയിൽനിന്ന് അമേരിക്കൻ വിപണിയിലെത്തുന്ന അലുമിനിയം, സ്റ്റീൽ ഉൽപന്നങ്ങളുടെ തീരുവ ഇരട്ടിയാക്കി പ്രസിഡന്റ് ഡോണൾഡ് ട്രംപ്. 50 ശതമാനം ഇറക്കുമതി തീരുവ ചുമത്താനാണ് തീരുമാനം. 25 ശതമാനം തീരുവ ഈടാക്കുമെന്നാണ് നേരത്തെ അറിയിച്ചിരുന്നത്. കാനഡയിൽനിന്ന് വരുന്ന ഉൽപന്നങ്ങൾക്ക് മേൽ 25 ശതമാനം കൂടി നികുതി ഏർപ്പെടുത്താൻ വാണിജ്യ സെക്രട്ടറിക്ക് നിർദേശം നൽകിയതായി ട്രംപ് സമൂഹ മാധ്യമ പ്ലാറ്റ്ഫോമായ ട്രൂത്തിലൂടെ അറിയിച്ചു. ബുധനാഴ്ച മുതൽ പുതിയതീരുവ പ്രാബല്യത്തിൽ വരും. യുഎസിൽ നിന്നുള്ള പാൽ ഉൽപന്നങ്ങൾക്ക് കാനഡ ചുമത്തുന്ന തീരുവകൾ അങ്ങേയറ്റം കർഷക വിരുദ്ധമാണ്. ഇത് എത്രയും പെട്ടെന്ന് കുറയ്ക്കാൻ തയാറാകണമെന്നും ട്രംപ് ആവശ്യപ്പെട്ടു. നാളുകളായി ഈടാക്കുന്ന അമിത നികുതികൾ കാനഡ ഒഴിവാക്കിയില്ലെങ്കിൽ അമേരിക്കയിലേക്ക് വരുന്ന കാറുകളുടെ നികുതി ഏപ്രിൽ രണ്ടുമുതൽ ഗണ്യമായി വർധിപ്പിക്കുമെന്നും ട്രംപ് കാനഡയ്ക്ക് താക്കീത് നൽകി. കാനഡ, മെക്സിക്കോ തുടങ്ങിയ മേഖലയിൽ നിന്നെത്തുന്ന ഉൽപന്നങ്ങൾക്ക് 25 ശതമാനം തീരുവ ഈടാക്കുമെന്ന് ട്രംപ് പ്രഖ്യാപിച്ചിരുന്നു. എന്നാൽ, ഈ തീരുമാനം ഓഹരി വിപണിയെ മോശമായി ബാധിച്ച സാഹചര്യത്തിൽ ഇത് ഈടാക്കുന്നത് നീട്ടിവയ്ക്കുകയായിരുന്നു.



# വേനൽ അവധിക്ക് അത്യാവശ്യമെങ്കിൽ മാത്രം സ്പെഷ്യൽ ക്ലാസുകൾ നടത്താൻ നിർദേശം



**തിരുവനന്തപുരം:** ഉയർന്ന താപനില റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഉഷ്ണകാല പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നത് വിലയിരുത്താൻ ജില്ലാ കലക്ടർ അരുൺ കെ വിജയന്റെ അധ്യക്ഷതയിൽ അവലോകന യോഗം ചേർന്നു. സ്കൂളുകളിൽ വാർഷിക പരീക്ഷകളുടെ സമയങ്ങളിൽ വിദ്യാർത്ഥികൾക്ക് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തണമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പിന് നിർദേശം നൽകി. പരീക്ഷ ഹാളുകളിൽ കുടിവെള്ള ലഭ്യതയും വായുസഞ്ചാരവും ഉറപ്പ് വരുത്തണം. വേനൽ അവധി സമയങ്ങളിൽ അത്യാവശ്യമെങ്കിൽ മാത്രം സ്പെഷ്യൽ ക്ലാസുകൾ നടത്തുക, താപനിലയ്ക്കനുസരിച്ച് സമയക്രമം (11 മണി മുതൽ 3 മണി വരെ ഒഴികെ) പുന:ക്രമീകരിക്കണം. എല്ലാ വിദ്യാലയങ്ങളിലെയും ക്ലാസ് മുറികളിൽ ഫാനുകളും, കൃത്യമായ വായു സഞ്ചാരവും ഉറപ്പുവരുത്തണം. ചൂട് കാഠിന്യമേറിയ സമയങ്ങളിൽ ട്യൂഷൻ ക്ലാസ്സുകൾ, സ്പെഷ്യൽ ക്ലാസുകൾ എന്നിവ നടത്താതിരിക്കുക. വിദ്യാർത്ഥികളുടെ യാത്ര ഈ സമയങ്ങളിൽ പരമാവധി ഒഴിവാക്കുകയും ചെയ്യണം. 'വാട്ടർ ബെൽ' സമ്പ്രദായം മുഴുവൻ വിദ്യാലയങ്ങളിലും നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. സൂര്യാഘാതമേറ്റാൽ ചെയ്യേണ്ട പ്രഥമ ശുശ്രൂഷ സംബന്ധിച്ച് അധ്യാപകർക്കും ജീവനക്കാർക്കും പരിശീലനം നൽകണം. വിദഗ്ധരുടെ നിർദേശം പരിഗണിച്ച് വിദ്യാർഥികളിൽ യൂണിഫോമുകളിൽ ഷൂസ്, സോക്സ്, ടൈ തുടങ്ങിയവയിൽ ഇളവ് നൽകണം. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിർദേശങ്ങൾ നടപ്പിലാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്ന് ജില്ലാ കലക്ടർ നിർദേശിച്ചു. ട്രൈബൽ സ്കൂളുകളിലെ കുട്ടികൾക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കി കൊടുക്കണമെന്ന് പട്ടിക ജാതി, പട്ടിക വർഗ വികസന വകുപ്പുകൾക്ക് നിർദേശം നൽകി.

വേനൽക്കാല ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന ദുരന്ത അതോറിറ്റി നിർദ്ദേശിച്ചിട്ടുള്ള ഹ്രസ്വകാല, ദീർഘകാല പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിന് നിർദേശം നൽകി. കുടിവെള്ള ക്ഷാമം നേരിടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ പഞ്ചായത്ത് തലത്തിൽ കുടിവെള്ള വിതരണം നടപ്പിലാക്കണം. ജില്ലയിലെ ആരോഗ്യ പരിപാലന കേന്ദ്രങ്ങളിൽ 'റാപിഡ് ഫയർ സേഫ്റ്റി ഓഡിറ്റ് സമയബന്ധിതമായി നടപ്പിലാക്കി സുരക്ഷ ഉറപ്പ് വരുത്താൻ ആരോഗ്യ വകുപ്പിന് നിർദേശം നൽകി. ഹെൽത്ത് സെന്ററുകളിലെ മെഡിക്കൽ സ്റ്റാഫുകൾക്ക് വേനൽക്കാല രോഗങ്ങളെ കുറിച്ചുള്ള ട്രെയിനിങ് പ്രോഗ്രാമുകൾ സംഘടിപ്പിക്കണം. കാലാവസ്ഥ വ്യതിയാനത്തിനനുസരിച്ച് തൊഴിലാളികളിലേക്ക് ഉഷ്തരംഗങ്ങളെ കുറിച്ചുള്ള മുന്നറിയിപ്പുകൾ എത്തിക്കണമെന്ന് ലേബർ ഓഫീസിന് നിർദേശം നൽകി. ജോലിസ്ഥലങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തണം. അതിഥി തൊഴിലാളികൾക്കുള്ള നിർദ്ദേശങ്ങൾ ഇതര ഭാഷകളിൽ ലഭ്യമാക്കണമെന്നും യോഗം നിർദേശിച്ചു. ജലക്ഷാമം രൂക്ഷമായ അനുഭവപ്പെടുന്ന പ്രദേശങ്ങൾ, കൃഷിയിടങ്ങൾ കണ്ടെത്തണമെന്ന് കൃഷിവകുപ്പിനോട് നിർദേശിച്ചു. ജലസേചനത്തിന് കണികാജലസേചനം പോലുള്ള മാർഗങ്ങൾ സ്വീകരിക്കാൻ പറ്റുന്ന കൃഷിയിടങ്ങളിൽ വേണ്ട സഹായങ്ങൾ ലഭ്യമാക്കുക. ഭൂഗർഭജല വിനിയോഗം കൃഷിക്കായി ഉപയോഗിക്കുന്നത് കുറയ്ക്കുവാനും ജലസേചനത്തേക്കാൾ കുടിവെള്ളത്തിനു മുൻഗണന നൽകേണ്ടതിനെ കുറിച്ചും കൃഷിക്കാരെ ബോധവൽക്കരിക്കണം. കുടിവെള്ളക്ഷാമം നേരിടാൻ സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി പ്രദേശങ്ങളിൽ പഞ്ചായത്ത് തലത്തിൽ കുടിവെള്ള വിതരണം നടപ്പിലാക്കാൻ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടു. ജില്ലയിൽ കൺട്രോൾ റും പ്രവർത്തനക്ഷമമാക്കണം. പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതതയിലുള്ള കെട്ടിങ്ങളിൽ സരക്ഷ ഉറപ്പാക്കണമെന്ന് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടു. ഏറ്റവും രൂക്ഷമായ ചൂട് അനുഭവപ്പെടുന്ന പകൽ 11 മുതൽ മൂന്ന് വരെയുള്ള സമയങ്ങളിൽ വൈദ്യുതി മുടങ്ങാതിരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് വൈദ്യുതി വകുപ്പിന് നിർദേശം നൽകി. അത്യുഷ്ണ സമയങ്ങളിൽ പാലിക്കേണ്ട മുൻകരുതലുകളെ സംബന്ധിച്ച് കുട്ടികൾ, ഗർഭിണികൾ, നവജാത ശിശു, മുലയൂട്ടുന്ന അമ്മമാർ, വനിതകൾ, രോഗികൾ, പ്രായമായവർ തുടങ്ങിയ വിഭാഗങ്ങൾക്ക് പ്രത്യേക ബോധവൽക്കരണം നല്കാൻ വനിതാശിശുക്ഷേമ വകുപ്പിന് നിർദേശം നൽകി. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലേക്ക് ബോധവൽക്കരണ ക്യാമ്പയിനും ആവശ്യമായ ശുദ്ധജലം, മരുന്നുകൾ തുടങ്ങിയവ എത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ സാമൂഹിക നീതി വകുപ്പിനോട് നിർദേശിച്ചു. വളർത്തുമൃഗങ്ങൾക്കും പക്ഷികൾക്കും തണലും കുടിവെള്ളവും വീടുകളിലും ഫാമുകളിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ മൃഗസംരക്ഷണ വകുപ്പിനും വനത്തിലെ ജലസ്രോതസ്സുകൾ, കാട്ടരുവി, പുഴ കുളങ്ങൾ തുടങ്ങിയവ വേനൽക്കാല മുന്നോടിയായി വൃത്തിയാക്കുകയും പുനരുജീവിപ്പിക്കുകയും ചെയ്യാൻ വനം വന്യജീവി സംരക്ഷണ വകുപ്പിനും നിർദേശം നൽകി.

അഡ്വ. കെ.കെ രത്നകുമാരി, ഡി.എഫ്.ഒ എസ് വൈശാഖ്, ഡെപ്യൂട്ടി കലക്ടർ കെ.വി ശ്രുതി, നെനോജ് മേപ്പടിയത്ത്, വിവിധ തദ്ദേശസ്വയംഭരണസ്ഥാനങ്ങളുടെ അധ്യക്ഷൻമാർ, സെക്രട്ടറിമാർ, വനം വകുപ്പ് ഉദ്യോഗസ്ഥർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# അന്താരാഷ്ട്ര നിലവാരമുള്ള മനുഷ്യ വിഭവശേഷി സൃഷ്ടിക്കുക ലക്ഷ്യമെന്ന് മന്ത്രി

**തിരുവനന്തപുരം:** വിജ്ഞാന സമ്പദ്ഘടന കെട്ടിപ്പടുത്തു കൊണ്ട് അന്താരാഷ്ട്ര നിലവാരമുള്ള മനുഷ്യ വിഭവശേഷി സൃഷ്ടിക്കുകയാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രി ബിന്ദു പറഞ്ഞു. തിരുവനന്തപുരം മാസ്ക്കറ്റ് ഹോട്ടലിൽ അന്താരാഷ്ട്ര തൊഴിൽമേഖലകളിലെ ആവശ്യകതയും നൈപുണ്യവികസനവും എന്ന വിഷയത്തിൽ ഗ്ലോബൽ മൊബിലിറ്റി ആൻഡ് സ്കിൽസ് 2025 അന്തർദേശീയ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കേരളത്തിലെ ജനങ്ങളുടെ ജീവിത നിലവാരം ഉയരുന്നതനുസരിച്ച് നാടിന്റെ സമ്പദ്ഘടന വിപുലീകരിക്കാനുള്ള പദ്ധതി നവകേരള സൃഷ്ടിയുടെ ഭാഗമായി നാം ഏറ്റെടുക്കുകയാണ്. അഭ്യസ്തവിദ്യരായ യുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി തൊഴിലും വിദ്യാഭ്യാസവും തമ്മിൽ നിലനിൽക്കുന്ന അന്തരം കുറയ്ക്കേണ്ടതുണ്ട്. ഇതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് വളരെ സജീവമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. നൈപുണിയുടെ ലഭ്യത നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർഥികൾക്ക് ഉറപ്പു നൽകാൻ കഴിയുന്ന തരത്തിൽ വിവിധ പ്ലാറ്റ്ഫോമുകൾ രൂപീകരിച്ചു. ഇതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമായ അസാപ് കേരള മുഖ്യപങ്ക് വഹിക്കുന്നു. അസാപ് കേരള നൽകുന്ന 150 ഓളം നൈപുണ്യ കോഴ്സുകൾ വിവിധ മേഖലകളിൽ പ്രാവീണ്യം നേടാനും ദേശീയവും അന്തർദേശീയവുമായ തൊഴിലവസരങ്ങളിലേക്ക് ഉദ്യോഗാർത്ഥികളെ സജ്ജരാക്കാനും സഹായിക്കുന്നു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, ക്ലൗഡ് കമ്പ്യൂട്ടിംഗ്, സൈബർ സെക്യൂരിറ്റി ടെക്നോളജി തുടങ്ങി ഇന്നത്തെ സമൂഹത്തിൽ അനിവാര്യമായ ഏറ്റവും പുത്തൻ കോഴ്സുകളാണ് നടത്തുന്നത്. ഈ കാലഘട്ടത്തിലേയ്ക്ക് ആവശ്യമുള്ള ഗ്രാഫിക് ഡിസൈനിങ് പോലെയുള്ള വിവിധങ്ങളായ കോഴ്സുകളിലെ പരിശീലനം വിദ്യാർഥികൾക്ക് മാത്രമല്ല സമൂഹത്തിലെ സാധാരണക്കാരായ ജനങ്ങൾക്കും കുടുംബശ്രീ പ്രവർത്തകർക്കടക്കം നൽകിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്.

വൈജ്ഞാനിക സമൂഹം അതിവേഗത്തിൽ മുന്നോട്ടു കുതിക്കുന്ന സന്ദർഭത്തിൽ വികസിതരാജ്യങ്ങളിലെ വൈജ്ഞാനിക സമൂഹങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒരു ജനപക്ഷ ബദലാണ് കേരളം അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. പൊതുജന കേന്ദ്രീകൃതമായ നിരവധി അഭിമാനകരമായ മാതൃകകൾ കേരളം ഇതിനുമുമ്പും ലോകത്തന് മുൻപിൽ അവതരിപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ പരിമിതികൾക്കിടയിലും വിദ്യാഭ്യാസ മേഖലയിലും ആരോഗ്യമേഖലയിലും കേരളത്തിന്റെ നേട്ടങ്ങൾ ലോകമെമ്പാടുമുള്ള സാമൂഹ്യ നിരീക്ഷകരും സാമ്പത്തിക ശാസ്ത്രജ്ഞരുമടക്കം അഭിനന്ദിക്കുന്നു. ഒരു ജനപക്ഷ വൈജ്ഞാനിക സമൂഹം എന്ന നിലയിലുള്ള നമ്മുടെ മുന്നേറ്റത്തിനായാണ് വിജ്ഞാന കേരളം എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുന്നത്. സംരംഭകത്വ താൽപര്യങ്ങളുടെ പ്രോത്സാഹനത്തിനടക്കം വലിയ നിലയിൽ അവസരമൊരുക്കുന്ന തരത്തിലാണ് വിജ്ഞാന കേരളം പദ്ധതി വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്.

ഉന്നതവിദ്യാഭ്യാസമേഖലയിൽ പാഠ്യ പദ്ധതി പരിഷ്കരണത്തിന് നേതൃത്വം നൽകി കരിക്കുലം ഫ്രെയിംവർക്ക് തയാറാക്കി. അതിന്റെ ഭാഗമായി തൊഴിൽ ലഭ്യതയും ഗവേഷണ പ്രവർത്തനങ്ങളും ഡിഗ്രി തലത്തിൽ തന്നെ ആരംഭിക്കാവുന്ന വിധത്തിലുള്ള അവസരം വിദ്യാർത്ഥികൾക്ക് നൽകുന്നു. കോളേജുകളിൽ സ്കിൽ കോഴ്സുകൾക്ക് അംഗീകാരവും ക്രഡിറ്റും നൽകി.

യുവതയെ മാത്രമല്ല ക്യാമ്പസിന് പുറത്തുള്ള യുവജനങ്ങളെ കൂടി അവരുടെ അഭിരുചിക്കനുസരിച്ചുള്ള സ്കിൽ കോഴ്സുകളിലേക്ക് നയിക്കാനും അന്തർദേശീയ ഗുണനിലവാരം സൃഷ്ടിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും നടന്നുവരികയാണ്. സൈക്യാട്രിക് കൗൺസിലിങ്ങിലൂടെ അഭിരുചി കണ്ടെത്തി അവയിൽ നൈപുണ്യ പരിശീലനമടക്കം നൽകുന്ന അസാപ് കേരളയുടെ ഡി ഡബ്ല്യു എം എസ് മികച്ച മാതൃകയാണ്.

ദേശീയ, അന്തർദേശീയ തൊഴിൽ മേഖലകളുമായി സഹകരിക്കുന്ന വേദിയായാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നതെന്നും വിജ്ഞാനാധിഷ്ഠിത നാധിഷ്ഠിത സമൂഹമെന്ന നിലയിലുള്ള കേരളത്തിന്റെ മുന്നേറ്റത്തിന് കോൺക്ലേവിലെ ആശയങ്ങൾ മുതൽ കൂട്ടാകുമെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ വിജ്ഞാന കേരളം ഉപദേഷ്ടാവും മുൻധനകാര്യ വകുപ്പ് മന്ത്രിയുമായ ഡോ. ടി.എം. തോമസ് ഐസക് മുഖ്യാതിഥിയായി. ഹിന്ദുസ്ഥാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി & സയൻസ് ഇന്റർനാഷണൽ അഫയേഴ്സ് ഉപദേഷ്ടാവ് സുഖീലീ, പാലക്കാട് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്റ്റിക്സ് എഞ്ചിനീയറിംഗ് & ടെക്നോളജി മേധാവി, ലിബിൻ റോബർട്ട്സ് ഇ.ആർ.എ.എം. സ്കിൽസ് അക്കാദമി ജനറൽ മാനേജർ ഓപ്പറേഷൻസ് ഓസ്റ്റിൻ ഇ എ എന്നിവർ സംബന്ധിച്ചു. അസാപ് കേരള ചെയർപേഴ്സൺ ഡോ. ഉഷ ടൈറ്റസ് സ്വാഗതമാശംസിച്ച ചടങ്ങിൽ അസാപ് കേരള പ്രോഗ്രാം മാനേജർ ഷീജ ഹരിഹരൻ നന്ദി അറിയിച്ചു.അടുത്ത ഒരു വർഷത്തിൽ 5 ലക്ഷം പേർക്ക് നൈപുണ്യ വികസനവും 2 ലക്ഷം പേർക്ക് തൊഴിലും ലക്ഷ്യമിടുന്നു

സൊസൈറ്റി ടുഡേ
SOCIETY TODAY




**സംരംഭകയും സാമൂഹ്യ പ്രവർത്തകയുമായ ലക്ഷ്മി മേനോൻ, ദീർഘദൂര ഓട്ടക്കാരിയും ഫിറ്റ്നസ് പരിശീലകയുമായ ബി. പാർവ്വതി, കൊച്ചിൻ ഐ.എം.എ മുൻ പ്രസിഡന്റ് ഡോ.മരിയ വർഗ്ഗീസ്, ഐ.എം.എ എറണാകുളം ഡിസ്ട്രിക്റ്റ് കമ്മിറ്റി ചെയർപേഴ്സൺ ഡോ. ദീപാ അഗസ്റ്റിൻ എന്നിവരെ വിമൻ ഇൻ ഐഎംഎ കൊച്ചിയുടെ നേതൃത്വത്തിൽ കലൂർ ഐ.എം.എ ഹൗസിൽ നടന്ന ചടങ്ങിൽ ആദരിച്ചപ്പോൾ**

# വ്യക്തിമുദ്ര പതിപ്പിച്ച വനിതകൾക്ക് ആദരമൊരുക്കി വിമൻ ഇൻ ഐ.എം.എ

**കൊച്ചി;** സമൂഹത്തിന്റെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വനിതകളെ വിമൻ ഇൻ ഐഎംഎ കൊച്ചിയുടെ നേതൃത്വത്തിൽ ആദരിച്ചു. സംരംഭകയും സാമൂഹ്യ പ്രവർത്തകയുമായ ലക്ഷ്മി മേനോൻ, ദീർഘദൂര ഓട്ടക്കാരിയും ഫിറ്റ്നസ് പരിശീലകയുമായ ബി. പാർവ്വതി, കൊച്ചിൻ ഐ.എം.എ മുൻ പ്രസിഡന്റ് ഡോ.മരിയ വർഗ്ഗീസ്, ഐ.എം.എ എറണാകുളം ഡിസ്ട്രിക്റ്റ് കമ്മിറ്റി ചെയർപേഴ്സൺ ഡോ. ദീപാ അഗസ്റ്റിൻ എന്നിവരെയാണ് കലൂർ ഐ.എം.എ ഹൗസിൽ നടന്ന ചടങ്ങിൽ ആദരിച്ചത്.

എറണാകുളം ജില്ലാ പ്രത്യേക കോടതി (എസ് സി,എസ്ടി (പിഒഎ) കേസസ് ആന്റ് എംഎസിടി) ജഡ്ജ് സലീന വി.ജി നായർ സമ്മേളനം ഉദ്ഘാടനം ചെയ്തു. വിമൺ ഇൻ ഐ.എം.എ സംസ്ഥാന ചെയർ പേഴ്സൺ ഡോ. അശോക വൽസല അധ്യക്ഷത വഹിച്ചു.

ഐ.എം.എ സംസ്ഥാന പ്രസിഡന്റ് ഡോ. കെ.എ ശ്രീനിവാസൻ മുഖ്യപ്രഭാഷണം നടത്തി. ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. ജേക്കബ്ബ് എബ്രഹാം, വിമൻ ഇൻ ഐഎംഎ കൊച്ചി ചെയർപേഴ്സൺ ഡോ. മാരി സൈമൺ, ഐ.എം.എ കെഐഎസ്ബി മിഡ്സോൺ വൈസ് പ്രസിഡന്റ് ഡോ. കെ. സുദർശൻ, ജോയിന്റ് സെക്രട്ടറി ഡോ. അലക്സ് ഇട്ടിച്ചെറിയ, വിമൻ ഇൻ ഐ.എം.എ വി.സി ഡോ. മിനി ബാലകൃഷ്ണൻ, ട്രഷറർ ഡോ.രചന ദിൽനാഥ് തുടങ്ങിയവർ സംസാരിച്ചു.

തുടർന്ന് വനിതാ സംരഭകരുടെ ശാക്തീകരണം, ജോലി സ്ഥലങ്ങളിൽ വനിതകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ എന്നീ വിഷയങ്ങളിൽ പാനൽ ചർച്ചകളും നടന്നു. ഡോ. ബോബി സാറ, ലൈല സുധീഷ്, രേണു നവീൻ, ലതാ പരമേശ്വരൻ, ക്രിസ്റ്റീന ചെറിയാൻ, അഡ്വ. മരിയൻ പോൾ, ഡോ. എൽസി ഉമ്മൻ, അഞ്ജന ജോർജ്ജ്, ഡോ. സപ്ന നമ്പ്യാർ തുടങ്ങിയവർ പങ്കെടുത്തു.




**ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതം വേദാന്ത വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കാലടി മുഖ്യക്യാമ്പസിലെ മീഡിയ സെന്ററിൽ സംഘടിപ്പിക്കുന്ന സപ്തദിന ദേശീയ ശില്പശാലയോടനുബന്ധിച്ച് പ്രശസ്ത സംസ്കൃതപണ്ഡിതൻ പ്രൊഫ. വി. രാമകൃഷ്ണഭട്ടിനെ സിൻഡിക്കേറ്റ് അംഗം പ്രൊഫ. വി. ലിസ്സി മാത്യു പൊന്നാടയണിയിച്ച് ആദരിക്കുന്നു.**

# സംസ്കൃത സർവ്വകലാശാലയിൽ സപ്തദിന ദേശീയ ശിൽപ്പശാല തുടങ്ങി

**കാലടി:**ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതം വേദാന്ത വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കാലടി മുഖ്യക്യാമ്പസിലെ മീഡിയ സെന്ററിൽ സംഘടിപ്പിക്കുന്ന സപ്തദിന ദേശീയ ശിൽപ്പശാല ആരംഭിച്ചു. സിൻഡിക്കേറ്റ് അംഗം പ്രൊഫ. വി. ലിസ്സി മാത്യു ശിൽപ്പശാല ഉദ്ഘാടനം ചെയ്തു. സംസ്കൃത പണ്ഡിതൻ പ്രൊഫ. വി. രാമകൃഷ്ണഭട്ടിനെ ചടങ്ങിൽ പൊന്നാടയണിയിച്ച് ആദരിച്ചു. ഡോ. ജി. നാരായണൻ അധ്യക്ഷനായിരുന്നു. ഡോ. വി. രാമകൃഷ്ണഭട്ട് മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. സിൻഡിക്കേറ്റ് അംഗം പ്രൊഫ. ടി. മിനി, പ്രൊഫ. ശ്രീകല എം. നായർ, ഡോ. ജയലക്ഷ്മി വി., ഡോ. എസ്. ഷീബ എന്നിവർ പ്രസംഗിച്ചു.

ഡോ. കെ. എസ്. മഹേശ്വരൻ, ഡോ. പുഷ്കർ ദേവ്പൂജാരി, ഡോ. പി. ആർ. വാസുദേവൻ, കെ. കാർത്തിക് ശർമ്മ, കെ. കെ. വൈഷ്ണവ് എന്നിവർ വിവിധ വിഷയങ്ങളിൽ ശില്പശാലയിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. 16ന് നടക്കുന്ന സമാപന സമ്മേളനത്തിൽ വിദ്യാർത്ഥി സേവനവിഭാഗം ഡയറക്ടർ ഡോ. വി. കെ. ഭവാനി മുഖ്യാതിഥിയായിരിക്കും. ഡോ. ജയലക്ഷ്മി വി. പ്രസംഗിക്കും.

## അമൃതയിൽ ലോക ഗ്ലോക്കോമ വാരാചരണം

**കൊച്ചി :** ലോക ഗ്ലോക്കോമ വാരാചരണത്തിന് അമൃത ആശുപത്രിയിൽ തുടക്കമായി. ഇതിന്റെ ഭാഗമായി മാർച്ച് 15 വരെ അമൃത ആശുപത്രിയിൽ സൗജന്യ ഗ്ലോക്കോമ പരിശോധനയും, ബോധവൽക്കരണ പരിപാടികളും, ക്ലാസുകളും നടക്കും. വാരാചരണത്തിന്റെ ഭാഗമായി ഒഫ്താൽമോളജി വിഭാഗത്തിലെ വിദ്യാർത്ഥികൾ ഗ്ലോക്കോമ ബോധവൽക്കരണ സ്കിറ്റ് അവതരിപ്പിച്ചു. അമൃത ആശുപത്രിയിൽ നടന്ന വാക്കത്തോൺ ഒഫ്താൽമോളജി വിഭാഗം മേധാവി ഡോ. ഗോപാൽ എസ് പിള്ള ഫ്ലാഗ് ഓഫ് ചെയ്തു.

# കേന്ദ്ര സർവകലാശാല പ്രവേശനം; ചവിട്ടുപടിയൊരുക്കി യംഗ് കോമേഴ്സ് ബ്രിഗേഡ്

**കൊച്ചി:** ടി ജെ വിനോദ് എം എൽ എ യുടെ നേതൃത്വത്തിലുള്ള സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതിയായ യംഗ് കോമേഴ്സ് ബ്രിഗേഡ് പദ്ധതിയുടെ ഭാഗമായി വിദ്യാർഥികളെ കേന്ദ്ര സർവകലാശാലകളിലേക്ക് പ്രവേശനം നേടാൻ സഹായിക്കുന്നതിനായി 'യംഗ് കോമേഴ്സ് ബ്രിഗേഡ് സി യു ഇ ടി ക്ലബ്' ആരംഭിച്ചു.

നാഷണൽ ടെസ്റ്റിംഗ് ഏജൻസി നടത്തുന്ന കോമൺ യൂണിവേഴ്സിറ്റി എൻട്രൻസ് ടെസ്റ്റ് വഴി സംയോജിത ബിരുദബിരുദാനന്തര പഠന പരിപാടികൾ, കാർഷിക ശാസ്ത്ര കോഴ്സുകൾ തുടങ്ങിയവയിലേക്ക് പ്രവേശനം നേടാൻ അവസരമുണ്ട്. ഇന്ത്യയിലെ പ്രമുഖ കേന്ദ്ര സർവകലാശാലകൾ, കൽപ്പിത സർവകലാശാലകൾ ഉൾപ്പെടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള വാതായനമാണ് സി യു ഇ ടി പരീക്ഷ.

യംഗ് കോമേഴ്സ് ബ്രിഗേഡിന്റെ സി യു ഇ ടി ഗ്രൂപ്പിൽ അംഗമാകുന്നതിനും, പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർഥികളുടെ സംശയങ്ങൾ പരിഹരിക്കുന്നതിനുമായി 6282662434 എന്ന സി യു ഇ ടി ക്ലബ് സഹായ കേന്ദ്ര നമ്പരിലേക്ക് ബന്ധപ്പെടാവുന്നതാണ്.

# പ്രൊഫ. ജയചന്ദ്രൻ ആർ. സംസ്കൃത സർവ്വകലാശാല ഡീൻ

**കാലടി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ ഫാക്കൽട്ടി ഓഫ് ഇന്ത്യൻ ലാംഗ്വേജസ് ഡീനായി പ്രൊഫ. ജയചന്ദ്രൻ ആർ. നെ ചാൻസലർ കൂടിയായ ഗവർണർ നിയമിച്ച് ഉത്തരവായി. രണ്ട് വർഷത്തേക്കാണ് നിയമനം. ഡീൻ, ഫാക്കൽട്ടി ചെയർമാൻ കൂടിയായി പ്രവർത്തിക്കും. കേരള സർവ്വകലാശാലയിലെ ഹിന്ദി വിഭാഗം സീനിയർ പ്രൊഫസറാണ്.

## റീഅപ്പിയറൻസ് പരീക്ഷകൾ

**കാലടി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ രണ്ടും നാലും സെമസ്റ്ററുകൾ ബി.എ. റീഅപ്പിയറൻസ് പരീക്ഷകളുടെ തീയതികളിൽ മാറ്റം വരുത്തി. മാർച്ച് 13ന് നിശ്ചയിച്ചിരുന്ന പരീക്ഷകൾ മാർച്ച് 24ലേയ്ക്ക് മാറ്റിയതായി സർവ്വകലാശാല അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.

## പുനഃപരീക്ഷകൾ

**കാലടി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ മൂന്നും നാലും സെമസ്റ്ററുകൾ ബി.എ., മൂന്നാം സെമസ്റ്റർ എം.എസ്.ഡബ്ല്യു., എം.പി.ഇ.എസ്., പുനഃപരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.inസന്ദർശിക്കുക.

# ലഹരി വിമുക്തമാവട്ടെ, സിനിമയും; ഹ്രസ്വചിത്ര മത്സരവുമായി ഫെഫ്ക പി.ആർ.ഒ യൂണിയൻ

**കൊച്ചി:** ലഹരിവിരുദ്ധ പോരാട്ടത്തിന്റെ ഭാഗമായി മലയാള ചലച്ചിത്ര മേഖലയിലെ പി.ആർ.ഓമാരുടെ കൂട്ടായ്മയായ ഫെഫ്ക പി.ആർ.ഓ യൂണിയൻ നടത്തുന്ന ഹ്രസ്വചിത്ര മത്സരത്തിന് എൻട്രികൾ ക്ഷണിക്കുന്നു. ലഹരി വിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന, പരമാവധി 2 മിനിറ്റ് ദൈർഘ്യമുള്ള ഹ്രസ്വചിത്രങ്ങളാണ് മത്സരത്തിന് പരിഗണിക്കുന്നത്.

14 വയസ്സിന് മുകളിലേക്കുള്ളവർക്കാണ് മത്സരം സംഘടിപ്പിക്കുന്നത്. യൂണിയൻ അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് 'ജീവിതം തന്നെ ലഹരി' എന്ന വിഷയത്തിൽ രണ്ട് മിനിട്ടിൽ കവിയാത്ത ഹ്രസ്വചിത്രം ഏപ്രിൽ 10ന് മുൻപ് യൂണിയന്റെ ഇമെയിലിൽ അയച്ച് മത്സരത്തിൽ പങ്കെടുക്കാം.

സൃഷ്ടികൾ അയക്കുന്നവരുടെ പേരും മേൽവിലാസവും, മൊബൈൽ നമ്പർ എന്നിവ രേഖപ്പെടുത്തി fefkaprosunion@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്. മൊബൈലിൽ ഷൂട്ട് ചെയ്തോ, അല്ലാത്തതോ ആയ വീഡിയോകൾ സ്വീകരിക്കുന്നതാണ്.

ജഡ്ജിങ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന ഏറ്റവും മികച്ച ചിത്രങ്ങൾക്ക് പ്രശസ്തി പത്രവും, മറ്റ് സമ്മാനങ്ങളും നൽകും. മത്സരത്തിൽ പങ്കെടുത്ത് മികവ് പുലർത്തിയവർക്ക് പ്രോത്സാഹനസമ്മാനങ്ങളും നൽകും.

തെരഞ്ഞെടുക്കപ്പെടുന്ന ചിത്രങ്ങൾ യൂണിയന്റെ ഫേസ്ബുക്കിൽ സംപ്രേഷണം ചെയ്യും. ഇതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളിൽ ഫെഫ്ക പി.ആർ.ഓ യൂണിയൻ ടീമിന്റെ തീരുമാനം അന്തിമമായിരിക്കും. മത്സരത്തിന് സമർപ്പിക്കപ്പെടുന്ന ഹ്രസ്വചിത്രങ്ങൾ മറ്റെവിടെയെങ്കിലും പ്രദർശിപ്പിച്ചതോ കോപ്പിറൈറ്റ് ഉള്ളതോ ആയിരിക്കാൻ പാടുള്ളതല്ല.

ഹ്രസ്വചിത്രങ്ങൾ മുമ്പ് പ്രസിദ്ധീകരിച്ചവയാകരുത്. കൂടുതൽ വിവരങ്ങൾക്ക്: 99953 24441, 98479 17661 എന്ന നമ്പറുകളിൽ ബന്ധപെടുക.

# ഡബിൾ മില്ലിഗ്രാം ലോയൽറ്റി സ്‌കീം അവതരിപ്പിച്ച് മുത്തൂറ്റ് ഫിനാൻസ്

**കൊച്ചി:** സ്വർണ്ണ വായ്പാ എൻബിഎഫ്സിയായ മുത്തൂറ്റ് ഫിനാൻസ് ഡബിൾ മില്ലിഗ്രാം ലോയൽറ്റി സ്കീം ആരംഭിച്ചു. ഗോൾഡ് മില്ലിഗ്രാം റിവാർഡ് മുത്തൂറ്റ് ഫിനാൻസിന്റെ പ്രമുഖ ഉപഭോക്തൃ പ്രോത്സാഹന പദ്ധതിയാണെന്നും ഇതിന്റെ ഭാഗമായി അർഹമായ ഇടപാടുകൾക്ക് ഗോൾഡ് മില്ലിഗ്രാം റിവാർഡ് പോയിൻറുകൾ നൽകുമെന്നും മുത്തൂറ്റ് ഫിനാൻസ് മാനേജിംഗ് ഡയറക്ടർ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു. മാർച്ച് 8ന് തുടക്കം കുറിച്ച പദ്ധതി മുത്തൂറ്റ് ഫിനാൻസിന്റെ വനിതാ ഉപഭോക്താക്കളുടെ എല്ലാ അർഹമായ ഇടപാടുകൾക്കും ഇരട്ട മില്ലിഗ്രാം റിവാർഡ് പോയിന്റുകൾ ലഭിക്കും.

ആസ്തി അധിഷ്ഠിത വായ്പയിലൂടെ സ്ത്രീകളെ ശാക്തീകരിക്കാനും സാമ്പത്തിക ഉൾപ്പെടുത്തലിനുമുള്ള മുത്തൂറ്റ് ഫിനാൻസിൻറെ ലക്ഷ്യത്തിൻറെ ഭാഗമായാണ് ഈ പദ്ധതി അവതരിപ്പിച്ചത്. 2022 ആഗസ്റ്റിലാണ് ഗോൾഡ് മില്ലിഗ്രാം റിവാർഡ് പ്രോഗ്രാം ആദ്യമായി അവതരിപ്പിച്ചത്. 5,000ത്തിലധികം ഉപഭോക്താക്കൾക്ക് ഇതുവരെ ഈ പദ്ധതിയിലൂടെ ആനുകൂല്യം ലഭിച്ചു. നിലവിൽ 8.6 മില്യൺ ഉപഭോക്താക്കൾ മില്ലിഗ്രാം റിവാർഡ് പ്രോഗ്രാമിൻറെ ഭാഗമാണ് അതിൽ 3 മില്യൺ ഉപഭോക്താക്കൾ വനിതകളാണ്.

മില്ലിഗ്രാം ലോയൽറ്റി സ്കീമിൽ ഓരോ ഗോൾഡ് മില്ലിഗ്രാം റിവാർഡ് പോയിൻറും 1 മില്ലിഗ്രാം 24 കാരറ്റ് സ്വർണ്ണമായി പരിണമിക്കും. ഡബിൾ മില്ലിഗ്രാം ലോയൽറ്റി സ്കീമിൽ വനിതാ ഉപഭോക്താക്കൾക്ക് അർഹമായ എല്ലാ ഇടപാടുകൾക്കും ഇരട്ട മില്ലിഗ്രാം സ്വർണ്ണം ലഭിക്കും. ഈ പദ്ധതി പ്രകാരം മിനിമം 50,000 രൂപ മുൻകൂർ തുകയായോ 2,000 രൂപ പലിശ അടക്കുന്നതോ ആയ ഇടപാടുകൾക്കാണ് ബാധകം.

കൂടാതെ പുതിയ ഉപഭോക്താക്കളെ കമ്പനിയിലേക്ക് നിർദ്ദേശിക്കുന്നതിന് 40 മില്ലിഗ്രാം സ്വർണ്ണം ലഭിക്കും. ഒരു ഉപഭോക്താവിന് 500 മില്ലിഗ്രാം പോയിൻറുകൾ ആകുമ്പോൾ ഈ പദ്ധതിയിൽ 0.5 ഗ്രാം 24 കാരറ്റ് സ്വർണ്ണം റിഡീം ചെയ്യാമെന്നും ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.



# വിദ്യാർഥികളുമായി സംവദിച്ച് ലണ്ടൻ ബിസിനസ്സ് സ്കൂൾ പ്രൊഫസർ

**കൊച്ചി:** ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയിലെ വിദ്യാർഥികളുമായി സംവദിച്ച് ലണ്ടൻ ബിസിനസ്സ് സ്കൂൾ പ്രൊഫസർ ഡോ.ലക്ഷ്മണൻ ശിവകുമാർ. വിവിധ മേഖലകളിൽ കഴിവ്തെളിയിച്ച് രാജ്യാന്തരതലത്തിൽ പ്രശസ്തരായ വ്യക്തികളുമായി വിദ്യാർഥികൾക്ക് അടുത്ത് ഇടപഴകാനും സംവദിക്കാനും അവസരം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് സർവകലാശാല പരിപാടി സംഘടിപ്പിച്ചത്. സർവകലാശാലയിലെ എംബിഎ വിദ്യാർഥികളുമായി സാമ്പത്തിക ഭദ്രതയിൽ ഓഹരി വിപണികളുടെ പങ്കാളിത്തത്തെക്കുറിച്ച് അദ്ദേഹം സംസാരിച്ചു.

വൈസ് ചാൻസിലർ പ്രൊഫ.അജയ്കപൂർ സർവകലാശാലയുടെ ഉപഹാരം കൈമാറി തുടർന്ന് വൈസ് ചാൻസിലർ പ്രൊഫ.അജയ്കപൂർ,രജിസ്ട്രാർ പ്രൊഫ. ടി.അശോകൻ, , ഐ.ക്യു.എ.സി ഡയറക്ടർ ഡോ.രാജേന്ദ്രൻ പെരുമാൾ പ്രിൻസിപ്പൽ ഡോ. ആനന്ദ് ഹരീന്ദ്രൻ, ഡെപ്യൂട്ടി ഡീൻ ഡോ.മഞ്ജുള ആർ.അയ്യർ തുടങ്ങിയവരുമായി ഡോ.ലക്ഷ്മണൻ ശിവകുമാർ ചർച്ച നടത്തി. ചിന്മയ മിഷനുമായി അടുത്ത് പ്രവർത്തിക്കുന്ന വ്യക്തി എന്ന നിലയിൽ സർവകലാശാലയുടെ മുന്നോട്ടുള്ള വളർച്ചയിൽ എല്ലാ പിന്തുണയും അദ്ദേഹം വാഗാദാനം ചെയ്തു.




# റോഡ്സ്റ്റാർ ഇൻഫ്രാ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് എൻഎസ്ഇ ലിസ്റ്റിൽ

**കൊച്ചി:** ഇൻഫ്രാസ്ട്രക്ചർ ലീസിങ് ആന്റ് ഫിനാൻഷ്യൽ സർവ്വീസസിന്റെ (ഐഎൽ ആന്റ് എഫ്എസ്) അടിസ്ഥാന സൗകര്യ മേഖലയ്ക്കായുള്ള നിക്ഷേപ പദ്ധതിയായ (ഇൻവിറ്റ്) റോഡ്സ്റ്റാർ ഇൻഫ്രാ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റു ചെയ്തു.ആറു സംസ്ഥാനങ്ങളിലായി 685.16 കിലോമീറ്റർ വരുന്ന ആറ് റോഡ് ആസ്തികളും 8592 കോടി രൂപയുടെ മൂല്യവും ഉള്ള സ്ഥിതിയിലാണ് ഈ ലിസ്റ്റിങ് നടത്തിയിട്ടുള്ളതെന്ന് ഐഎൽ ആന്റ് എഫ്എസ് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ നന്ദ് കിഷോർ പറഞ്ഞു.

ഇൻവിറ്റ് നിയന്ത്രണങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള റോഡ്സ്റ്റാർ ഇൻഫ്രാ ഇൻവെസ്റ്റ്മെൻറ് ട്രസ്റ്റ് ഇന്ത്യയിൽ നേരിട്ടും അല്ലാതെയും അടിസ്ഥാന സൗകര്യ പദ്ധതികൾ നടത്തുകയും നിക്ഷേപിക്കുകയും ചെയ്യുക എന്ന ലക്ഷ്യവുമായാണ് മുന്നേറുന്നതെന്നും നന്ദ് കിഷോർ പറഞ്ഞു.

എൻഎസ്ഇയിൽ ഐഎൽ ആന്റ് എഫ്എസ് ഇൻവിറ്റിൻറെ വിജയകരമായ ലിസ്റ്റിംഗ് ഐഎൽ & എഫ്എസിയുടെ വലിയൊരു ഭാഗം കടബാധ്യത പരിഹരിക്കുന്നതിനുള്ള സുപ്രധാന നാഴികക്കല്ലാണെന്ന് റോഡ്സ്റ്റാർ ഇൻവെസ്റ്റ്മെൻറ് മാനേജേഴ്സ് ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡെന്നി സാമുവൽ പറഞ്ഞു. ലിസ്റ്റിംഗിന് ശേഷം ബദൽ നിക്ഷേപ മേഖലയിൽ താൽപ്പര്യമുള്ള അപകടസാധ്യത കുറഞ്ഞ നിക്ഷേപകരുടെ ഒരു പുതിയ പ്ലാറ്റ്ഫോം ഒരുക്കുമെന്നും ഡെന്നി സാമുവൽ പറഞ്ഞു.

# ആക്സിസ് നിഫ്റ്റി 500 വാല്യൂ 50 ഇടിഎഫ് എൻഎഫ്ഒ ഇന്ന്

**കൊച്ചി:** മൂല്യാധിഷ്ഠിത തന്ത്രങ്ങളിലൂടെ നേട്ടമുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ ഇന്ന് (12 മാർച്ച്) വരെ ആക്സിസ് മ്യൂചൽ ഫണ്ടിന്റെ ആക്സിസ് നിഫ്റ്റി 500 വാല്യൂ 50 ഇടിഎഫിന്റെ പുതിയ ഫണ്ട് ഓഫർ നടത്തും.

എൻഎഫ്ഒ കാലത്ത് കുറഞ്ഞത് 500 രൂപയും തുടർന്ന് ഓരോ രൂപയുടെ ഗുണിതങ്ങളായും നിക്ഷേപിക്കാം.

മൂല്യാധിഷ്ഠിത തന്ത്രങ്ങളിലൂടെ നിക്ഷേപകർക്കു നേട്ടമുണ്ടാക്കുന്നതു ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് നിഫ്റ്റി 500 വാല്യൂ 50 ടിആർഐ പ്രകാരം നിക്ഷേപിക്കുന്ന ഈ ഇടിഎഫ്. ഇടിഎഫിന്റെ കുറഞ്ഞ ചെലവ് അനുപാതവും നിക്ഷേപകർക്ക് ഗുണകരമാകും.

മൂല്യധാഷ്ഠിത രീതിയിലുള്ള നിക്ഷേപ താൽപര്യം വർധിച്ചു വരുന്ന സാഹചര്യത്തിൽ ഇന്ത്യൻ നിക്ഷേപകർക്കായി ഇത്തരമൊരു പദ്ധതി കൊണ്ടുവരുന്നതിൽ സന്തോഷമുണ്ടെന്ന് ആക്സിസ് എഎംസി സിഇഒയും എംഡിയുമായ ബി ഗോപകുമാർ പറഞ്ഞു.

ഇന്ത്യയിലെ അതിവേഗതം വളർന്നു കൊണ്ടിരിക്കുന്ന ഓഹരി വിപണിയിൽ ലളിതവും ചെലവു കുറഞ്ഞതുമായ നിക്ഷേപ മാർഗമാണു തങ്ങൾ അവതരിപ്പിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

# ഡിജിറ്റലൈസിംഗ് എജ്യുക്കേഷൻ ഇൻ സ്പെഷ്യൽ സ്കൂൾസ്; പുതിയ കാൽവെപ്പുമായി സഹൃദയ

**കൊച്ചി:** എറണാകുളം അങ്കമാലി അതിരൂപതാ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയ , എക്സപ്ഷണൽ ലേണിങ്ങുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഡിജിറ്റലൈസിംഗ് എജ്യുക്കേഷൻ ഇൻ സ്പെഷ്യൽ സ്കൂൾസ് പ്രോജക്റ്റിന്റെ ഉദ്ഘാടനം ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ നിർവഹിച്ചു.പൊന്നുരുന്നി കാമ്പസ്സിൽ എറണാകുളം ജില്ല സാമൂഹ്യനീതി വകുപ്പ് ഓഫീസർ സിനോ സേവി അധ്യക്ഷത വഹിച്ചു. എയ്ഡ് ചെയർമാൻ ഫാ. റോയി മാത്യു വടക്കേൽ സ്കൂളുകൾക്കുള്ള വെർജ് ടാബ് വിതരണോദ്ഘാടനം നിർവഹിച്ചു.

സഹൃദയ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോസഫ് കൊളുത്തുവെള്ളിൽ, എക്സപ്ഷണൽ ലേണിങ് സിഇഒ ആൻഡ് ഫൗണ്ടർ ഡോ. ജിനോ ആരുഷി, സഹൃദയ അസി. ഡയറക്ടർ ഫാ. സിബിൻ മനയമ്പിള്ളി , ഫാ. ക്ലീറ്റസ് ടോം സി.എം.ഐ , ഫാ. തോമസ് സി.ടി, സിസ്റ്റർ സുദീപ എഫ്.സി.സി, സിസ്റ്റർ ഏയ്ഞ്ചൽ സി.എം.സി, സിസ്റ്റർ ജെസ്സിമോൾ തോമസ്, സിസ്റ്റർ ജൂബി മാത്യു, കെ.എം ജോർജ് എന്നിവർ സംസാരിച്ചു.ന്യൂറോ ഡൈവേർജെന്റ് ആയിട്ടുള്ള കുട്ടികളുടെ വിദ്യാഭ്യാസം ലളിതമാക്കുന്നതിന് വേണ്ടി സാങ്കേതികവിദ്യയുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. വെർജ് ടാബ് എന്ന ഡിജിറ്റൽ നോട്ട്ബുക്ക് ആണ് ഇതിനായി വിതരണം ചെയ്യുന്നതെന്ന് സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ പറഞ്ഞു. ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട സ്പെഷ്യൽ സ്കൂളുകൾക്കാണ് വെർജ് ടാബുകൾ വിതരണം ചെയ്തത്.



സൊസൈറ്റി ടുഡേ
SOCIETY TODAY



# ഇഫ്താർ കേന്ദ്രങ്ങളൊരുക്കി ദുബായ്

**ദുബായ്:** റംസാൻ മാസത്തിൽ ഇഫ്താർ മീറ്റുകളൊരുക്കാൻ ആതിഥേയത്വം വഹിച്ച് ദുബായ്. ദുബായിലെ അഞ്ച് പ്രമുഖ കേന്ദ്രങ്ങളാണ് റംസാൻ നോമ്പിന്റെ ഭാഗമായുള്ള ഇഫ്താർ മീറ്റുകൾക്കായി ഒരുങ്ങിയിരിക്കുന്നത്. വേൾഡ് ട്രേഡ് സെന്ററിലെ മജ്‌ലിസ്, ബാബ് അൽ ഷംസിലെ അൽ ഹദീറ, ബുർജ് ഖലീഫ, അറ്റ്‌ലാന്റിസിലെ അസതീർ ടെന്റ് തുടങ്ങി അഞ്ച് കേന്ദ്രങ്ങളാണ് റംസാനെ വരവേൽക്കാനായി ഈ വർഷം തയ്യാറായിട്ടുള്ളത്.വേൾഡ് ട്രേഡ് സെന്ററിലെ മജ്‌ലിസിൽ പരമ്പരാഗതവും സമകാലികവുമായ വിഭവങ്ങൾ, പ്രാർത്ഥനാ മുറികൾ, ഏറ്റവും മികച്ച അതിഥി സേവനം കുടുംബങ്ങൾക്കായുള്ള പ്രത്യേക സ്ഥലങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്. ഇഫ്താർ അനുഭവം തേടുന്നവർക്ക് മരുഭൂമിയിൽ സ്ഥിതി ചെയ്യുന്ന ബാബ് അൽ ഷംസിലെ അൽ ഹദീറ വ്യത്യസ്തമായ അനുഭവം വാഗ്ദാനം ചെയ്യുന്നു. ഫാൽക്കണറി, തത്സമയ സംഗീതം, പരമ്പരാഗത നൃത്തം എന്നിവയുൾപ്പെടെയുള്ള സാംസ്കാരിക പരിപാടികളും ഇഫ്താർ മീറ്റിന്റെ ഭാഗമായി ഉണ്ടാകും.ദുബായിലെ ഏറ്റവും പ്രിയപ്പെട്ട റമദാൻ വേദികളിലൊന്നായ അസതീർ ടെന്റിൽ ആഗോള രുചികളുടെ സംയോജനം ഉൾക്കൊള്ളുന്ന ആഡംബര ഇഫ്താർ ബുഫെ പാം വാഗ്ദാനം ചെയ്യുന്നു. ബുർജ് ഖലീഫയുടെ പശ്ചാത്തലത്തിൽ ഒരുക്കിയിരിക്കുന്ന അർമാനി / പവലിയൻ സമ്പന്നമായ അൽ ഫ്രെസ്കോ ഇഫ്താർ അനുഭവം നൽകുന്നു. ദുബായുടെ സമാനതകളില്ലാത്ത അതിഥിസേവനവും പാചക വൈദഗ്ധ്യവും ആസ്വദിക്കാനുള്ള അവസരമാണ് റംസാൻ മാസം വാഗ്ദാനം ചെയ്യുന്നത്.

# ഇന്ത്യയിലെ ആദ്യ ഹൈബ്രിഡ് മോട്ടോർസൈക്കിളുമായി യമഹ

**കൊച്ചി:** 155 സിസി വിഭാഗത്തിൽ ആദ്യത്തെ ഹൈബ്രിഡ് മോട്ടോർസൈക്കിൾ പുറത്തിറക്കി യമഹ. 2025 എഫ്.സിഎസ് എഫ്ഐ ഹൈബ്രിഡ് എന്ന് പേരു നൽകിയിരിക്കുന്ന ഈ മോട്ടോർസൈക്കിളിന് 1,44,800 (എക്സ് ഷോറൂം, ഡൽഹി) രൂപയാണ് വില വരുന്നത്. ഇന്റഗ്രേറ്റഡ് ഫ്രണ്ട് ടേൺ സിഗ്നലുകൾ ഇപ്പോൾ എയർ ഇൻടേക്ക് ഏരിയയിൽ സ്ഥാപിച്ചു കൊണ്ട് പുതിയ രൂപമാറ്റത്തിലാണ് വാഹനം വിപണിയിൽ എത്തുന്നതെന്ന് യമഹ മോട്ടോർ ഇന്ത്യ ഗ്രൂപ്പിന്റെ ചെയർമാൻ ഇറ്റാരു ഒട്ടാനി പറഞ്ഞു.

149 സിസി ബ്ലൂ കോർ എൻജിനാണ് മോട്ടോർസൈക്കിളിന് കരുത്തു പകരുന്നത്. കൂടാതെ യമഹയുടെ സ്മാർട്ട് മോട്ടോർ ജനറേറ്റർ (എസ് എം ജി) , സ്റ്റോപ്പ് ആന്റ് സ്റ്റാർട്ട് സിസ്റ്റം (എസ് എസ് എസ്) എന്നീ സംവിധാനങ്ങളും ഹൈബ്രിഡ് മോട്ടോർ സൈക്കിളിൽ ഒരുക്കിയിട്ടുണ്ട്. മെച്ചപ്പെട്ട ഇന്ധനക്ഷമത, വൈ കണക്ട് ആപ്പുകൾ വഴി സ്മാർട്ട്ഫോൺ കണക്ട് ചെയ്യാൻ 4.5 ഇഞ്ച് ഫുൾ കളർ ടി എഫ് ടി ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ, എന്നിവ ഇതിന്റെ പ്രത്യേകതകളാണ്. ഒപ്പം ഗൂഗിൾ മാപ്പുമായി ലിങ്ക് ചെയ്തിട്ടുള്ള ടേൺ ബൈ ടേൺ (റ്റി ബി റ്റി) നാവിഗേഷൻ സംവിധാനവും നൽകിയിട്ടുണ്ട്. ദീർഘദൂര യാത്രകളെ കൂടുതൽ എളുപ്പമുള്ളതാക്കാൻ ഹാൻഡിൽ ബാർ പൊസിഷൻ ഒപ്ടിമൈസ് ചെയ്യുകയും സ്വിച്ചുകളുടെ പൊസിഷൻ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. റേസിംഗ് ബ്ലൂ, സിയാൻ മെറ്റാലിക് ഗ്രേ എന്നീ നിറങ്ങളിലാണ് പുതിയ എഫ്.സിഎസ് എഫ്ഐ ഹൈബ്രിഡ് വിപണിയിൽ എത്തുന്നതെന്ന് യമഹ മോട്ടോർ ഇന്ത്യ ഗ്രൂപ്പിന്റെ ചെയർമാൻ ഇറ്റാരു ഒട്ടാനി പറഞ്ഞു.ഇന്ത്യയിലെ യമഹയുടെ വളർച്ചയിൽ, ഉപയോക്താക്കളുടെ ആവശ്യങ്ങളും പ്രതീക്ഷകളും നിറവേറ്റുന്നതിനായി നിർണായകമായ പങ്കുവഹിച്ച ബ്രാൻഡ് ആണ് എഫ്.സി. ഹൈബ്രിഡ് ടെക്നോളജി അവതരിപ്പിക്കുന്നതിലൂടെ മികച്ച പെർഫോമൻസ് ഉറപ്പു നൽകുക മാത്രമല്ല മറ്റ് നിരവധി പുതുമകൾ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്നും ഇറ്റാരു ഒട്ടാനി പറഞ്ഞു. ഉപയോക്താക്കളുടെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്ത് വിപണിയിൽ ഇറക്കുന്ന എഫ്.സിഎസ് എഫ്ഐ ഹൈബ്രിഡ് മികച്ച യാത്രാനുഭവം ഉറപ്പ് നൽകുന്നുണ്ട്. നൂതന ആശയങ്ങളോടുള്ള യമഹയുടെ പ്രതിബദ്ധതയുടെ തെളിവാണ് ഈ തുടക്കം എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



# ആക്സിസ് നിഫ്റ്റി 500 വാല്യൂ 50 ഇടിഎഫ് എൻഎഫ്ഒ മാർച്ച് 12 വരെ

**കൊച്ചി:** മൂല്യാധിഷ്ഠിത തന്ത്രങ്ങളിലൂടെ നേട്ടമുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ മാർച്ച് 12 വരെ ആക്സിസ് മ്യൂചൽ ഫണ്ടിന്റെ ആക്സിസ് നിഫ്റ്റി 500 വാല്യൂ 50 ഇടിഎഫിന്റെ പുതിയ ഫണ്ട് ഓഫർ നടത്തും. എൻഎഫ്ഒ കാലത്ത് കുറഞ്ഞത് 500 രൂപയും തുടർന്ന് ഓരോ രൂപയുടെ ഗുണിതങ്ങളായും നിക്ഷേപിക്കാമെന്ന് ആക്സിസ് എഎംസി സിഇഒയും എംഡിയുമായ ബി ഗോപകുമാർ പറഞ്ഞു. മൂല്യാധിഷ്ഠിത തന്ത്രങ്ങളിലൂടെ നിക്ഷേപകർക്കു നേട്ടമുണ്ടാക്കുന്നതു ലക്ഷ്യമിട്ടുള്ള പദ്ധതിയാണ നിഫ്റ്റി 500 വാല്യൂ 50 ടിആർഐ പ്രകാരം നിക്ഷേപിക്കുന്ന ഈ ഇടിഎഫ്. ഇടിഎഫിന്റെ കുറഞ്ഞ ചെലവ് അനുപാതവും നിക്ഷേപകർക്കു ഗുണകരമാകും.

മൂല്യധാഷ്ഠിത രീതിയിലുള്ള നിക്ഷേപ താൽപര്യം വർധിച്ചു വരുന്ന സാഹചര്യത്തിൽ ഇന്ത്യൻ നിക്ഷേപകർക്കായി ഇത്തരമൊരു പദ്ധതി കൊണ്ടുവരുന്നതിൽ സന്തോഷമുണ്ടെന്ന ബി ഗോപകുമാർ പറഞ്ഞു. ഇന്ത്യയിലെ അതിവേഗതം വളർന്നു കൊണ്ടിരിക്കുന്ന ഓഹരി വിപണിയിൽ ലളിതവും ചെലവു കുറഞ്ഞതുമായ നിക്ഷേപ മാർഗമാണു തങ്ങൾ അവതരിപ്പിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

# കൊച്ചിയിൽ വനിതകളുടെ വെൻഡർലാൻഡ് നൈറ്റ് മാർക്കറ്റ്

**കൊച്ചി:** വേനൽക്കാലസായാഹ്നങ്ങളെ രസകരമാക്കാനും വിനോദത്തിന്റെ കേളീവിപിനമാക്കാനും കൊച്ചിയിലെ ആദ്യ നൈറ്റ് മാർക്കറ്റ് ഒരുങ്ങുന്നു. വനിതാസംരംഭകരുടെ കൂട്ടായ്മയായ വിമൻ ഓൺട്രപ്രെണവേഴ്സ് നെറ്റ്വർക്കിന്റെ (വെൻ കൊച്ചി) 'വെൻഡർലാൻഡ് നൈറ്റ് മാർക്കറ്റ്', 2025 ഏപ്രിൽ 5, 6 തീയ്യതികളിൽ എറണാകുളം രാജേന്ദ്ര മൈതാനിയിൽ നടക്കും. വൈകിട്ട് 4 മണി മുതൽ പുലർച്ചെ 12 മണിവരെ നടക്കുന്ന വെൻഡർലാൻഡ് നൈറ്റ് മാർക്കറ്റ്, വനിതകളാണ് ഒരുക്കുന്നത്. എല്ലാ പ്രായക്കാർക്കും കുടുംബസമേതം മറക്കാനാവാത്ത അനുഭവം പ്രദാനം ചെയ്യുന്നതരത്തിലുള്ള നൈറ്റ് മാർക്കറ്റ്, പരമ്പരാഗത ഗ്രാമീണ മേളയുടെ ആത്മാവും ചൈതന്യവും കൊച്ചിയിലേക്ക് കൊണ്ടുവരുമെന്ന് സംഘാടകർ വ്യക്തമാക്കി.

സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷാസംവിധാനങ്ങൾ ഉറപ്പുവരുത്തിക്കൊണ്ടുള്ള പരിപാടിയായിരിക്കും വെൻഡർലാൻഡ് നൈറ്റ് മാർക്കറ്റ്. മേളയിൽ പങ്കെടുക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനായി കേരളാ പോലീസിന്റെയും, പിങ്ക് പോലീസിന്റെയും സാന്നിധ്യം മേളയിലുടനീളം ഉണ്ടായിരിക്കും. സ്ത്രീകളുടെ സുരക്ഷയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് പിങ്ക് പൊലീസിന്റെ സ്റ്റാളും ഒരുക്കുന്നുണ്ട്. വെൻഡർലാൻഡ് നൈറ്റ് മാർക്കറ്റിൽ തത്സമയം ദോശ, സ്നാക് ഷോപ്പുകൾ, കുലുക്കി സർബത്ത്, ചാട്ട്, കോട്ടൺ മിഠായി തുടങ്ങിയ പ്രിയപ്പെട്ട പ്രാദേശിക വിഭവങ്ങൾ ഉൾപ്പെടുന്ന വൈവിധ്യമാർന്ന സ്റ്റാളുകൾ ഉണ്ടാകും. അതോടൊപ്പം, വ്യത്യസ്ത ഉത്പന്നങ്ങളുടെ നിരവധി സ്റ്റാളുകളും ഉണ്ടായിരിക്കും. ഷോപ്പിംഗ് നടത്താനും ഭക്ഷണം കഴിക്കാനും പ്രാദേശിക വിൽപ്പനക്കാരെ പിന്തുണയ്ക്കാനും മികച്ച ഇടമായിരിക്കുമിത്.തത്സമയ സംഗീതം, നൃത്ത പ്രകടനങ്ങൾ, കുട്ടികൾക്കുള്ള ഗെയിമുകളും വെൻഡർലാൻഡ് നൈറ്റ് മാർക്കറ്റിനെ ഒരു വിനോദവേദിയായി മാറ്റും. പ്രാദേശിക ബിസിനസുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സ്ത്രീകൾക്ക് സുരക്ഷിതമായ ഇടം നൽകുന്നതിനും രസകരവും കുടുംബസൗഹൃദപരവുമായ അന്തരീക്ഷത്തിലുമാണ് വെൻഡർലാൻഡ് നൈറ്റ് മാർക്കറ്റ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.കൂടുതൽ വിവരങ്ങൾക്ക്, 98957 63313 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

# മീഷോയിൽ പ്രമുഖ പാദരക്ഷാ ബ്രാൻഡുകൾ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഇകൊമേഴ്സ് വിപണിയായ മീഷോ തങ്ങളുടെ പാദരക്ഷാ വിഭാഗം വിപുലീകരിച്ചു. റിലാക്സോ ഗ്രൂപ്പ്, പാരഗൺ, ലിബർട്ടി എന്നീ പ്രമുഖ ഇന്ത്യൻ ബ്രാൻഡുകളാണ് മീഷോയിൽ പുതുതായി ലഭ്യമാകുന്നത്. വിശ്വാസ്യതയും ഗുണമേന്മയുമുള്ള ബ്രാൻഡഡ് പാദരക്ഷകൾ കൂടുതൽ പേരിലേക്ക് എത്തിക്കുകയാണ് മീഷോയുടെ ലക്ഷ്യമെന്ന് കമ്പനി അധികൃതർ അറിയിച്ചു. പ്രത്യേകിച്ച് ടയർ2 നഗരങ്ങളിലും അതിനു താഴെയുള്ള വിപണികളിലും.

ഈ ബ്രാൻഡുകൾ മീഷോയിൽ എത്തിയതോടെ വലിയ വളർച്ചയാണ് രേഖപ്പെടുത്തിയത്. റിലാക്സോ ഗ്രൂപ്പും പാരഗണും 2.5 മടങ്ങ് വളർച്ച കൈവരിച്ചു. ലിബർട്ടി 2 മടങ്ങ് വളർച്ച നേടി. ചെരുപ്പുകൾ, കാഷ്വൽ ഷൂസുകൾ, സ്പോർട്സ് ഷൂസുകൾ, ഫോർമൽ പാദരക്ഷകൾ എന്നിവയ്ക്കാണ് കൂടുതൽ ആവശ്യകത. മഹാവാ, ഭട്ടപാറ, സുപോൾ, നുസ്വിദ് തുടങ്ങിയ ടയർ3 നഗരങ്ങളിൽ നിന്നാണ് കൂടുതൽ ഓർഡറുകൾ ലഭിക്കുന്നത്. മീഷോ ഈ ബ്രാൻഡുകൾക്ക് ടയർ3 വിപണികളിലേക്ക് പ്രവേശനം നൽകുന്നുവെന്നും വളരുന്ന ഉപഭോക്തൃ അടിത്തറയിലേക്ക് അവരെ എത്തിക്കുന്നുവെന്നും കമ്പനി അറിയിച്ചു.

# ഭിന്നശേഷി സ്ത്രീകൾക്ക് ഇകൊമേഴ്സ് വിപണിയിലേക്ക് വഴിതുറന്ന് ആമസോൺ

**കൊച്ചി:** ഇന്ത്യയിലെ ഭിന്നശേഷിക്കാരായ യുവതികളുടെ ദാരിദ്ര്യനിർമാർജനം ലക്ഷ്യമിട്ട് യൂത്ത് ഫോർജോബ്സ് ഫൗണ്ടേഷനുമായി ആമസോൺ ഇന്ത്യ സഹകരിക്കുന്നു. ഭിന്നശേഷിക്കാരായ വനിതാ ബിസിനസുകാരുടെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് ആമസോൺ ഡോട്ട് ഇൻ വഴി സഹായം നൽകുയാണ് ലക്ഷ്യമെന്ന് കമ്പനി അധികൃതർ അറിയിച്ചു. ആമസോൺ സഹേലി പ്രോഗ്രാമിലൂടെ ഭിന്നശേഷിയുള്ള സ്ത്രീകൾക്ക് വിശാലമായ വിപണി അവസരങ്ങൾ ലഭ്യമാക്കുന്നതിനൊപ്പം ഡിജിറ്റൽ സമ്പദ് വ്യവസ്ഥയിൽ അവരുടെ ബിസിനസ് വളർത്തുന്നതിനും കഴിയും.ഈ സഹകരണത്തിന്റെ ഭാഗമായി ആമസോൺ സഹേലി പ്രോഗ്രാമിലൂടെ സ്ത്രീകൾ നയിക്കുന്ന ബിസിനസുകളെ പിന്തുണയ്ക്കും. ഡിജിറ്റൽ, പെർഫോമൻസ് മാർക്കറ്റിംഗ്, ഉൽപ്പന്ന ലിസ്റ്റിംഗ് ഒപ്റ്റിമൈസേഷൻ, പരസ്യ രീതികൾ എന്നിവയിൽ പരിശീലനം നൽകുന്നത് ഇതിൽ ഉൾപ്പെടുന്നു. ഉപഭോക്തൃ പ്രതീക്ഷകളും വിപണി അവസരങ്ങളും നന്നായി മനസ്സിലാക്കുന്നതിന് മേഖലയിലെ വനിതാ സംരംഭകർക്ക് ഡാറ്റാധിഷ്ഠിത സ്ഥിതിവിവരക്കണക്കുകളും മെട്രിക്സുകളും ലഭ്യമാക്കുമെന്നും കമ്പനി അധികൃതർ അറിയിച്ചു.



# ഓട്ടോണമസ് ഡ്രൈവിംഗ് ഗവേഷണം പൂർത്തിയാക്കി നിസാൻ

**കൊച്ചി:** സുരക്ഷിതവും മലിനീകരണം കുറവുള്ളതുമായ ഏറ്റവും പുതിയ ഓട്ടോണമസ് ഡ്രൈവിംഗ് ഗവേഷണ പദ്ധതി വിജയകരമായി പൂർത്തിയാക്കി നിസാൻ. യുകെയിൽ നിസാൻ പിന്തുണയുള്ള മുൻ പ്രോജക്ടുകളായ ഹ്യൂമൻ ഡ്രൈവ്, സെർവ്സിറ്റി എന്നിവയെ അടിസ്ഥാനമാക്കി നിർമ്മിച്ച ഇവോൾവ്എഡി യുകെ സർക്കാരിൽനിന്നുള്ള 100 മില്യൺ പൗണ്ട് ധനസഹായത്തോടെ പ്രവർത്തിക്കുന്ന കൺസോർഷ്യം പദ്ധതിയാണ്. ഓട്ടോണമസ് മൊബിലിറ്റിയെ യാഥാർത്ഥ്യത്തിലേക്ക് എത്തിക്കുക എന്ന ലക്ഷ്യവുമായി അഞ്ച് വ്യവസായ പങ്കാളികളുടെ കൺസോർഷ്യമാണ് ഈ ഗവേഷണ പദ്ധതിക്ക് പിന്നിൽ.ഇലക്ട്രിക്ക് വാഹനമായ നിസാൻ ലീഫിൽ ഘടിപ്പിച്ച ഓട്ടോണമസ് ഡ്രൈവിങ് സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് ഗവേഷണം പൂർത്തിയാക്കിയത്. എട്ട് വർഷകാലയളവിൽ യുകെയിലെ മോട്ടോർവേകൾ, നഗര കേന്ദ്രങ്ങൾ, റെസിഡൻഷ്യൽ തെരുവുകൾ, ഗ്രാമപ്രദേശങ്ങൾ എന്നിവയിലൂടെ അപകടങ്ങളില്ലാതെ 16,000ത്തിലധികം മൈലുകൾ ടെസ്റ്റ് ഡ്രൈവ് നടത്തി. നിസാനൊപ്പം കണക്റ്റഡ് പ്ലേസസ് കാറ്റപ്പൾട്ട്, ഹ്യൂമനൈസിംഗ് ഓട്ടോണമി, എസ്ബിഡി ഓട്ടോമോട്ടീവ്, ടിആർഎൽ എന്നിവരാണ് കൺസോർഷ്യത്തിലെ അഞ്ച് പങ്കാളികൾ.

# അക്വാബിസ് 2.0 സിഫ്റ്റ് സൗജന്യ സംരംഭക സെമിനാർ മാർച്ച് 18 ന്

**കൊച്ചി:** കേന്ദ്ര മൽസ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്റ്റിലെ സോണൽ ടെക്നോളജി മാനേജ്മെന്റ് അഗ്രിബിസിനസ് ഇൻകുബേഷൻ സെന്റർ വിഭാഗം അഗ്രിഇന്നോവേറ്റ് ഇന്ത്യ, ഐ സി എ ആർ ഐപി ആന്റ് ടിഎം യൂണിറ്റ്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് എന്നിവയുമായി സഹകരിച്ച് ഫിഷറീസ് മേഖലയിലെ സംരംഭകത്വ സാധ്യതകൾ വികസിപ്പിക്കുന്നതിനായി 'അകാബിസ് 2.0' എന്ന പേരിൽ ഏകദിന സൗജന്യ സംരംഭക സെമിനാർ സംഘടിപ്പിക്കുന്നു.

മാർച്ച് 18 ന് രാവിലെ ഒൻപത് മണിക്ക് തുടങ്ങുന്ന സംരംഭക സെമിനാർ കൊച്ചിയിലെ പനമ്പിള്ളി നഗറിലുള്ള ഹോട്ടൽ അവന്യൂ സെന്ററിലാണ് നടക്കുക. ഐസിഎആറിന് കീഴിലുള്ള ഫിഷറീസ് ഗവേഷണ സ്ഥാപനങ്ങളിലെ പുതിയ സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുക എന്നതാണ് അകാബിസ് 2.0 ലക്ഷ്യമിടുന്നത്. മൽസ്യബന്ധന മേഖലയിലെ സാങ്കേതികവിദ്യ പുരോഗതികൾ, അലങ്കാര മൽസ്യങ്ങളുടെ പ്രജനനവും വളർത്തലും, മൽസ്യങ്ങളുടെ രോഗ നിയന്ത്രണം, വാക്സിൻ ഡെവലപ്മെന്റ്, ചെലവ് കുറഞ്ഞതും പോഷകസമൃദ്ധവുമായ മത്സ്യ തീറ്റ ഫോർമുലേഷനുകൾ തുടങ്ങിയവ സെമിനാറിൽ അവതരിപ്പിക്കും.

കൂടാതെ മൽസ്യസംസ്കരണത്തിനുള്ള നൂതന സാങ്കേതികവിദ്യകൾ, മൽസ്യത്തിലെ നിന്നുള്ള മൂല്യവർധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കൽ,ന്യൂട്രാസ്യൂട്ടിക്കൽ ഉൽപ്പന്നങ്ങൾ, ഉയർന്ന മൂല്യമുള്ള മൽസ്യ ഉപോൽപ്പന്നങ്ങൾ എന്നിവ സെമിനാറിൽ പരിചയപ്പെടുത്തും.

സമുദ്രോത്പന്ന വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ, മത്സ്യമേഖലയുമായി ബന്ധമുള്ളവർ, സംരംഭകർ എന്നിവർക്കെല്ലാം ഐ സി എ ആർ സിഫ്റ്റ് വെബ്സൈറ്റ് വഴിയോ താഴെ കൊടുത്തിരിക്കുന്ന മെയിൽ ഐ ഡി വഴിയോ രജിസ്റ്റർ ചെയ്ത് സെമിനാറിൽ പങ്കെടുക്കാവുന്നതാണ്. മാർച്ച് 16 ന് രജിസ്ട്രേഷൻ അവസാനിക്കും.



# 33ന്റെ നിറവിൽ ഇസാഫ്

**കൊച്ചി:** ഇസാഫ് ഫൗണ്ടേഷന്റെ 33ാം സ്ഥാപകദിനാഘോഷവും, രാജ്യത്തെ പ്രമുഖ സോഷ്യൽ ബാങ്കായ ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന്റെ 8ാമത് വാർഷികവും തൃശൂരിൽ ആർബിഐ സെൻട്രൽ ബോർഡ് ഡയറക്ടർ സതീഷ് കെ മറാത്തെ ഉദ്ഘാടനം ചെയ്തു. ഒരു ബാങ്കെന്ന നിലയിലും സാമൂഹിക പ്രതിബദ്ധതയുള്ള സ്ഥാപനമെന്ന നിലയിലും ഇസാഫ് ബാങ്കിന്റെ പ്രവത്തനങ്ങൾ രാജ്യത്തിന്റെ സുസ്ഥിര വളർച്ചയ്ക്ക് മുതൽകൂട്ടാകുമെന്ന് അദ്ദേഹം പറഞ്ഞു. എണ്ണമറ്റ ജീവിതങ്ങളിൽ നന്മയുടെ ദീപമായി പ്രകാശിക്കാൻ ഇസാഫിന് ഇനിയും സാധിക്കട്ടെയെന്ന് മന്ത്രി കെ രാജൻ വീഡിയോ സന്ദേശത്തിലൂടെ അറിയിച്ചു.ഇസാഫ് ഗ്രൂപ്പ് ഓഫ് സോഷ്യൽ എന്റർപ്രൈസസ് സ്ഥാപകനും ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ കെ. പോൾ തോമസ് സ്ഥാപകദിന സന്ദേശം നൽകി. യുനെസ്കോ ലേണിങ് സിറ്റി അപ്പെക്സ് കമ്മിറ്റി കോർഡിനേറ്ററും ചേറൂർ ഡിവിഷൻ കൗൺസിലറുമായ അഡ്വ. വില്ലി ജിജോ, ഇസാഫ് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മെറീന പോൾ, ഡയറക്ടർ ഡോ. ജേക്കബ് സാമുവേൽ, പ്രസിഡന്റ് ഡോ. ഇടിച്ചെറിയ നൈനാൻ, അസ്സോസിയേറ്റ് ഡയറക്ടർ ജോൺ പി ഇഞ്ചക്കലോടി, ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് ചെയർമാൻ പി ആർ രവി മോഹൻ, എക്സിക്യൂട്ടീവ് ഡയറക്ടർ ജോർജ് കെ ജോൺ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് സുദേവ് കുമാർ എന്നിവർ പ്രസംഗിച്ചു. വാർഷിക ആഘോഷങ്ങളുടെ ഭാഗമായി മികച്ച സഹകരണ സംഘങ്ങൾക്കും മികച്ച സ്ത്രീ സംരംഭകർക്കും ഇസാഫിൽ ദീർഘകാല സേവനം പൂർത്തീകരിച്ച ജീവനക്കാർക്കുമുള്ള പുരസ്കാരവും സ്ഥാപകദിനത്തിൽ വിതരണം ചെയ്തു.

